بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

# Khuthba Khulasa 28.09.18 ഖുത്ബ സംഗ്രഹം

## സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്

*28.09.18 ന് ബൈത്തുൽ ഫുത്തൂഹ് ലണ്ടനിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം*

### ഹദ്റത്ത് ഉമ്മാറ ബിനു അസം(റ), ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ മസൂദ്(റ) എന്നീ ബദരീസഹാബാക്കളുടെ ഉൽകൃഷ്ടഗുണങ്ങളും ഹൃദയഹാരിയായ ചരിത്രസംഭവങ്ങളും

اَشۡهَدُ اَنۡ لَّا اِلٰهَ اِلَّا اللّٰهُ وَحۡدَهٗ لَا شَرِيۡكَ لَهٗ وَ اَشۡهَدُ اَنَّ مُحَمَّدًا عَبۡدُهٗ وَرَسُوۡلُهٗ ـ اَمَّا بَعۡدُ

فَاَعُوۡذُ بِاللّٰهِ مِنَ الشَّيۡطٰنِ الرَّجِيۡمِ ـ بِسۡمِ اللّٰهِ الرَّحۡمٰنِ الرَّحِيۡمِ ـ

اَلۡحَمۡدُ لِلّٰهِ رَبِّ الۡعٰلَمِيۡنَ ۙ الرَّحۡمٰنِ الرَّحِيۡمِ ۙ مٰلِكِ يَوۡمِ الدِّيۡنِ ؕ اِيَّاكَ نَعۡبُدُ وَ اِيَّاكَ نَسۡتَعِيۡنُ ؕ

اِهۡدِنَا الصِّرَاطَ الۡمُسۡتَقِيۡمَ ۙ صِرَاطَ الَّذِيۡنَ اَنۡعَمۡتَ عَلَيۡهِمۡ ۙ غَيۡرِ الۡمَغۡضُوۡبِ عَلَيۡهِمۡ وَلَا الضَّآلِّيۡنَ ؕ

തശഹ്ഹുദും തഅവ്വുദും സൂറ ഫാതിഹയും ഓതിയതിനു ശേഷം സയ്യിദുനാ അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാ പറഞ്ഞു:

കഴിഞ്ഞപര്യടനത്തിനു മുൻപ് നബി(സ)തിരുമേനിയുടെ ബദർ യുദ്ധത്തിൽ പങ്കെടുത്ത സഹാബാക്കളുടെ ചരിത്ര സംഭവങ്ങളാണ് ഞാൻ വിവരിച്ചു കൊണ്ടിരുന്നത്. ഇന്നു ഞാൻ ആ വിഷയം വീണ്ടും ആരംഭിക്കുകയാണ്. ഇന്നു ഞാൻ പ്രതിപാദിക്കാൻ പോകുന്ന സഹാബി ഹദ്റത്ത് ഉമ്മാറ(റ) ആണ്. അദ്ദേഹം രണ്ടാം അഖ്ബാ ഉടമ്പടിയിലെ എഴുപത് സഹാബാക്കളിൽ ഉൾപ്പെടുന്നു. സഹോദരന്മാരായ ഹദ്റത്ത് അംറ്ബ്നു ഹസം, മഅ്മർ ബ്നു ഹസം എന്നിവരും സഹാബിമാരായിരുന്നു. ബദറും ഉഹ്ദും ഉൾപ്പെടെ എല്ലാ യുദ്ധങ്ങളിലും നബി(സ)തിരുമേനിയോടൊപ്പം ഇദ്ദേഹം ഉണ്ടായിരുന്നു. മക്കാവിജയവേളയിൽ ബനൂ മാലിക് ബ്നു നജ്ജാറിന്റെ പതാക ഇദ്ദേഹത്തിന്റെ പക്കലായിരുന്നു. നബി(സ)തിരുമേനിയുടെ വഫാത്തിനു ശേഷം കലാപകാരികളുടെ ഫിത്ന ഉടലെടുത്തപ്പോൾ ഖാലിദ് ബ്നു വലീദിനോടൊപ്പം അവരെ നേരിട്ടു. യമാമ യുദ്ധത്തിലാണ് അദ്ദേഹം ശഹീദായത്. അദ്ദേഹത്തിന്റെ മാതാവിന്റെ പേര് ഖാലിദ ബിൻത് അനസ് എന്നായിരുന്നു. അബൂബക്കറിബ്നു മുഹമ്മദ് വിവരിക്കുന്നു: ഹദ്റത്ത് അബ്ദുല്ലാഹ് ബ്നു സഹലിനെ പാമ്പു കടിച്ചപ്പോൾ അദ്ദേഹത്തെ ഹദ്റത്ത് ഉമ്മാറ ബ്നു ഹസമിന്റെ അടുക്കലേക്കു കൊണ്ടു പോകാൻ നബി(സ) നിർദേശിക്കുകയും അദ്ദേഹം മന്ത്രിച്ചാൽ ദൈവം സുഖപ്പെടുത്തുമെന്ന് പറയുകയും ചെയ്തു.

നബി(സ)തിരുമേനി യുദ്ധത്തിനു വേണ്ടി തബൂക്കിലേക്കു പോകും വഴി തിരുമേനിയുടെ ഖസ്വ എന്ന ഒട്ടകം കാണാതായി. സഹാബാക്കൾ അതിനെ തിരഞ്ഞു പോയി. നബി(സ)യുടെ അടുത്ത് ഹദ്റത്ത് ഉമ്മാറ ബ്നു ഹസം ഉണ്ടായിരുന്നു. ഹദ്റത്ത് ഉമ്മാറയുടെ ഒട്ടകക്കട്ടിലിൽ യഹൂദികളിൽ നിന്നും ഇസ്‌ലാം സ്വീകരിച്ച എന്നാൽ മനസ്സിൽ കാപട്യം ഉണ്ടായിരുന്ന സൈദ് ബ്നു സൽത്വും ആയിരുന്നു ഉണ്ടായിരുന്നത്. അയാൾ പറഞ്ഞു: മുഹമ്മദ് (സ) താൻ നബിയാണെന്നും നിങ്ങളെ ദൈവികവാർത്തകൾ അറിയിക്കുന്നുവെന്നും വാദിക്കുന്നു. അദ്ദേഹത്തിനാണെങ്കിൽ തന്റെ ഒട്ടകം എവിടെ പോയെന്നു പോലും അറിയില്ല. ഇക്കാര്യം നബി(സ) എങ്ങനെയോ അറിഞ്ഞപ്പോൾ തിരുമേനി പറഞ്ഞു: അല്ലാഹുവാണെ, അവൻ അറിയിച്ചു തന്ന അറിവല്ലാതെ ഒന്നും ഞാൻ അറിയുന്നില്ല. അവിടുന്ന് വീണ്ടും പറഞ്ഞു: ആ മുനാഫിഖിന്റെ വായടപ്പിക്കുന്നതിനു വേണ്ടി അല്ലാഹു എനിക്ക് ഒട്ടകം എവിടെപ്പോയെന്ന് അറിയിച്ചു തന്നിരിക്കുന്നു. അങ്ങനെ ഹുസൂർ(സ) ഒരു താഴ്‌വരയിലേക്ക് വിരൽ ചൂണ്ടിക്കാണിച്ചു. എന്നിട്ട് പറഞ്ഞു: അതിന്റെ കടിഞ്ഞാൺ ഒരു മരത്തിൽ കുടുങ്ങിയിരിക്കുകയാണ്. നിങ്ങൾ പോയി അതിനെ എന്റെയടുക്കൽ കൊണ്ടു വരിക. അങ്ങനെ സഹാബാക്കൾ പോയി അതിനെ കൊണ്ടു വന്നു. ഹദ്റത്ത് ഉമ്മാറ സൈദിന്റെ കഴുത്തിനു പിടിച്ചു കൊണ്ട് സഹാബാക്കളോടു പറഞ്ഞു: അല്ലാഹുവിന്റെ അടിയാറുകളേ, എന്റെ ഇരിപ്പിടത്തിൽ ഒരു പാമ്പ് ഉണ്ടായിരുന്നു. അതിനെ അതിൽ നിന്ന് പുറത്താക്കണമായിരുന്നു എന്നറിയാതെ പോയി. എന്നിട്ട് സൈദിനോടായിക്കൊണ്ട് പറഞ്ഞു: ഇനി നീയുമായി എനിക്കു ഒരു ബന്ധവുമില്ല.

ഹുസൂർ തിരുമനസ്സ് പറഞ്ഞു: ഞാൻ പ്രതിപാദിക്കാൻ പോകുന്ന രണ്ടാമത്തെ സഹാബി ആദ്യകാലസഹാബികളിൽ എണ്ണപ്പെടുന്ന വ്യക്തിയാണ്. ഹദ്റത്ത് അബ്ദുല്ലാഹ് ബ്നു മസ്ഊദ്(റ) വിവരിക്കുന്നു: ഇസ്‌ലാം സ്വീകരിക്കുന്ന ആറാമത്തെ വ്യക്തിയായിരുന്നു ഞാൻ. അന്നു ഞങ്ങൾ ആറുപേരല്ലാതെ മുസ്‌ലിംകളായി ഭൂമുഖത്ത് മറ്റാരും ഉണ്ടായിരുന്നില്ല. താൻ ഇസ്‌ലാം സ്വീകരിച്ചതെങ്ങനെയെന്ന് വിവരിച്ചു കൊണ്ട് അദ്ദേഹം പറയുന്നു: "ഒരിക്കൽ ഉഖ്ബാ ബ്ൻ മുഈത്വിന്റെ ആടുകളെ മേയ്ച്ചു കൊണ്ടിരുന്നപ്പോൾ നബി(സ) ആ വഴി വന്നു. ഹദ്റത്ത് അബൂബക്കറും കൂടെ ഉണ്ടായിരുന്നു. നബി(സ)തിരുമേനി എന്നോട് ചോദിച്ചു: മകനേ, നിന്റെ പക്കൽ പാൽ ഉണ്ടോ? ഞാൻ പറഞ്ഞു: അതേ, പക്ഷേ, ഇത് അമാനത്താണ്, തരാൻ കഴിയില്ല. ഗർഭിണിയല്ലാത്ത വല്ല ആടിനെയും കൊണ്ടു വരാൻ തിരുമേനി കല്പിച്ചു. ഞാൻ വളർച്ചയെത്തിയ ഒരാടിനെ തിരുമേനിയുടെ അടുക്കലെത്തിച്ചു. തിരുമേനി അതിന്റെ കാലുകൾ കെട്ടി അതിന്റെ അകിടിൽ തടവി ദുആ ചെയ്തു. അങ്ങനെ അകിടിൽ നിന്നും പാൽ ചുരന്നു വന്നു. ഹദ്റത്ത് അബൂബക്കർ പാത്രവുമായി വന്നപ്പോൾ നബി(സ) ആ പാത്രത്തിൽ

പാൽ കറന്നു. എന്നിട്ട് ഹദ്റത്ത് അബൂബക്കറിനോട് കുടിക്കാൻ പറഞ്ഞു. ഹദ്റത്ത് അബൂബക്കറിനെ തുടർന്ന് നബി(സ)തിരുമേനിയും പാൽ കുടിച്ചു. എന്നിട്ട് അവിടുന്ന അകിടു തടവിക്കൊണ്ട് ചുരുങ്ങുക എന്നു പറഞ്ഞപ്പോൾ അതു ചുരുങ്ങി പഴയതു പോലെയായി. ഞാൻ പറഞ്ഞു: അങ്ങ് ഓതിയ വചനങ്ങളിൽ ചിലത് എന്നെയും പഠിപ്പിച്ചാലും. തിരുമേനി എന്നെ തലോടിക്കൊണ്ടു പറഞ്ഞു: ബുദ്ധിയുള്ള യുവാവാണു നീ'." അദ്ദേഹം പറയുന്നു: നബി(സ) തിരുമേനിയിൽ നിന്ന് ഞാൻ 70 സൂറത്തുകൾ ഞാൻ ഹൃദിസ്ഥമാക്കിയിട്ടുണ്ട്. ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് സീറത്ത് ഖാത്തമുന്നബിയ്യീൻ എന്ന തന്റെ ഗ്രന്ഥത്തിൽ പറയുന്നു: അബ്ദുല്ലാഹ് ഇബ്നു മസ്ഊദ്(റ) ഖുറൈശി വംശജനായിരുന്നില്ല. ഹസീൽ ഗോത്രക്കാരനായിരുന്ന അദ്ദേഹം വളരെ ദരിദ്രനായിരുന്നു. ഖുറൈശിലെ പ്രമാണിയായ ഉഖ്ബ ബ്ൻ അബീ മുഈത്വിന്റെ ആടുകളെ അദ്ദേഹം മേയ്ക്കാറുണ്ടായിരുന്നു. ഇസ്‌ലാം സ്വീകരിച്ചതിനു ശേഷം അദ്ദേഹം നബി(സ) തിരുമേനിയുടെ സേവനത്തിൽ വന്നു. തിരുമേനിയുടെ സഹവാസം മൂലം അദ്ദേഹം ഒടുവിൽ വലിയ ജ്ഞാനിയായി മാറി. ഇദ്ദേഹത്തിന്റെ നിർദേശങ്ങളും ഗവേഷണങ്ങളുമാണ് മിക്ക ഹനഫി കർമശാസ്ത്രത്തെനിയമങ്ങൾക്കും അടിസ്ഥാനം. നാലു സഹാബാക്കളിൽ നിന്ന് ഖുർആൻ പഠിക്കുക എന്ന് നബി(സ) നിർദേശിച്ചിരുന്നു. ആ നാലുപേരിൽ പ്രമുഖസ്ഥാനം ഹദ്റത്ത് അബ്ദുല്ലാഹ് ബ്നു മസ്ഊദിനത്രേ. ഹദീസിൽ വന്നിരിക്കുന്നു: ഖുർആൻ പഠിക്കണം എന്നു ള്ളവർ ഈ നാലുപേരിൽ നിന്ന് പഠിച്ചു കൊള്ളട്ടെ: അബ്ദു ല്ലാഹ് ബ്നു മസ്ഊദ്, സാലിം, മആദ് ബ്നു ജബൽ, ഉബയ്യ് ബ്നു കഅബ്. നബി(സ)തിരുമേനി കഴിഞ്ഞാൽ വിശുദ്ധ ഖുർആൻ ഏറ്റവും ആദ്യം പരസ്യമായി ഓതിയത് ഹദ്റത്ത് അബ്ദുല്ലാഹ് ബ്നു മസ്ഊദ്(റ) ആയിരുന്നു എന്നും ഒരു നിവേദനമുണ്ട്. പ്രസ്തുത സംഭവം വിവരിക്കപ്പെടുന്നത് ഇങ്ങനെയാണ്: ഒരിക്കൽ സഹാബാക്കളെല്ലാം ഒരുമിച്ചു കൂടി ഖുറൈശികൾ വിശുദ്ധ ഖുർആന്റെ പാരായണം ഉയർന്ന സ്വരത്തിൽ ഒരിക്കലും കേട്ടിട്ടില്ലെന്നും അതു കേൾപ്പിക്കാൻ ആർക്കു കഴിയുമെന്നും പരസ്പരം ചർച്ച ചെയ്യുകയായിരുന്നു. താൻ കേൾപ്പിക്കാമെന്ന് ഹദ്റത്ത് അബ്ദുല്ലാഹ് ബ്നു മസ്ഊദ്(റ) പറഞ്ഞു. അവിശ്വാസികൾ അദ്ദേഹത്തെ ദ്രോഹിക്കുമോ എന്ന ആശങ്ക സഹാബാക്കൾ അദ്ദേഹത്തെ അറിയിച്ചു. സ്വാധീനമുള്ള വ്യക്തിയാണെങ്കിൽ ജനങ്ങൾ മർദിക്കാനൊരുങ്ങിയാൽ അയാളുടെ ഗോത്രം രക്ഷിച്ചു കൊള്ളുമല്ലോ എന്നവർ പറഞ്ഞു. ഹദ്റത്ത് അബ്ദുല്ലാഹ് ബ്നു മസ്ഊദ്(റ) പറഞ്ഞു: അതിനെപ്പറ്റി വ്യകുലപ്പെടേണ്ട. അല്ലാഹു എന്നെ രക്ഷിച്ചു കൊള്ളും. അപാരമായ ആവേശമായിരുന്നു സഹാബാക്കളുടെത്. അടുത്ത ദിവസം പുലർച്ചെ അദ്ദേഹം മഖാമെ ഇബ്റാഹീമിലെത്തി ഉയർന്ന ശബ്ദത്തിൽ വിശുദ്ധ ഖുർആൻ പാരായണം ആരംഭിച്ചു. ബിസ്മില്ലാഹിറഹ്മാനി റഹീം. അറഹ്മാൻ. അല്ലമൽ ഖുർആൻ എന്ന് ഓതാൻ തുടങ്ങി. തങ്ങളുടെ സദസ്സിൽ ഇരിക്കുകയായിരുന്ന ഖുറൈശികൾ അദ്ദേഹത്തിന്റെ ഈ പ്രവൃത്തിയിൽ അദ്ഭുതപ്പെട്ടു. നബി(സ)തിരുമേനി വിവരിക്കുന്ന വചനങ്ങളാണ് ഇദ്ദേഹം ഓതുന്നതെന്ന് ചിലർ പറഞ്ഞു. ഇതുകേട്ടപ്പോൾ എല്ലാവരും എഴുന്നേറ്റു വന്ന് അദ്ദേഹത്തിന്റെ മുഖത്തടിച്ചു. പക്ഷേ, അദ്ദേഹം ഓതിക്കൊണ്ടേയിരുന്നു. ഉദ്ദേശിച്ചത്ര ഓതുകയും ചെയ്തു. പിന്നീട് തന്റെ സുഹൃത്തുക്കളുടെ അടുക്കലേക്ക് അദ്ദേഹം ചെന്നപ്പോൾ മുഖത്ത് അടി കിട്ടിയതിന്റെ അടയാളം കണ്ട അവർ ഇതു തന്നെയായിരുന്നു ഞങ്ങൾ ഭയപ്പെട്ടിരുന്നതെന്ന് പറഞ്ഞു. അപ്പോൾ അദ്ദേഹം പറഞ്ഞു: അല്ലാഹുവിന്റെ ശത്രുക്കൾ ഏറ്റവും നിസ്സാരരായി എനിക്കു തോന്നിയത് അവർ എന്നെ അടിക്കുമ്പോഴായിരുന്നു. വേണമെങ്കിൽ നാളെയും ഇതുപോലെ ചെയ്യാൻ ഞാൻ ഒരുക്കമാണ്. സഹാബാക്കൾ പറഞ്ഞു: വേണ്ട, ഇത്ര മതി. അവർ കേൾക്കാനേ ആഗ്രഹിക്കാത്തതാണ് നീ ഓതി ക്കൊടുത്തത്.

ഇസ്‌ലാം സ്വീകരിച്ചതിനു ശേഷം ഹദ്റത്ത് അബ്ദുല്ലാഹ് ബ്നു മസ്ഊദിനെ നബി(സ) തിരുമേനി തന്റെ കൂടെ നിർത്തി. അദ്ദേഹം നബി(സ)തിരുമേനിയെ സേവിക്കാറുണ്ടായിരുന്നു. വീട്ടിൽ മറയില്ലാത്ത സമയത്ത് എന്റെ ശബ്ദം കേട്ടാൽ അനുവാദം ചോദിക്കാതെ തന്നെ അകത്തേക്കു വന്നു കൊള്ളുക എന്ന് നബി(സ) അദ്ദേഹത്തോട് പറഞ്ഞിരുന്നു. തിരുമേനിക്ക് എല്ലാ കാര്യങ്ങളും അദ്ദേഹം ചെയ്തു കൊടുത്തു. അദ്ദേഹമാണ് നബിയെ പാദരക്ഷ ധരിപ്പിച്ചിരുന്നത്. ആവശ്യമെങ്കിൽ കൂടെ പോവുകയും ചെയ്യുമായിരുന്നു. തിരുമേനി കുളിക്കുമ്പോൾ അദ്ദേഹമായിരുന്നു മറപിടിച്ചു നില്ക്കാറ്. നബി(സ)തിരുമേനിയുടെ ഉറ്റ സുഹൃത്തും മിസ്വാക്കും പാദരക്ഷ സൂക്ഷിക്കുകയും ചെയ്തിരുന്ന ആളുമായിരുന്നു അദ്ദേഹം. വുളുവെടുക്കാൻ വെള്ളവും ഒരുക്കിക്കൊടുക്കുമായിരുന്നു, അദ്ദേഹം. അബൂ മലീഹിൽ നിന്ന് നിവേദനം: നബി(സ) കുളിക്കുമ്പോൾ ഹദ്റത്ത് അബ്ദുല്ലാഹ് ബ്നു മസ്ഊദ്(റ) മറ വെക്കുകയും അവിടുന്ന് ഉറങ്ങിയാൽ ഉണർത്തുകയും അവിടുത്തോടൊപ്പം ആയുധധാരിയായി യാത്ര ചെയ്യുകയും ചെയ്യുമായിരുന്നു. ഹദ്റത്ത് അബൂ മൂസാ നിവേദനം ചെയ്യുന്നു: ഞങ്ങൾ യമനിൽ നിന്ന് വന്നപ്പോൾ വിചാരിച്ചു ഹദ്റത്ത് അബ്ദുല്ലാഹ് ബ്നു മസ് ഊദ് അഹ്‌ലെ ബൈത്തിൽപ്പെട്ട ആളാണെന്ന്. കാരണം അദ്ദേഹവും മാതാവും തിരുമേനിയുടെ വീട്ടിൽ വളരെയധികം വരുകയും പോവുകയും ചെയ്യുമായിരുന്നു. ഹദ്റത്ത് അബ്ദുല്ലാഹ് ബ്നു മസ്ഊദ് അബസ്സീനിയയിലേക്കും മദീനയിലേക്കും ഹിജ്റത്തു ചെയ്തവരിൽ ഉൾപ്പെടുന്നു. ബദർ ഉഹ്ദ്, ഖന്തക്ക്, ബൈഅത്തെരിള്‌വാൻ തുടങ്ങിയ സന്ദർഭങ്ങളിൽ അദ്ദേഹം തിരുമേനിയുടെ കൂടെ ഉണ്ടായിരുന്നു. നബി(സ)തിരുമേനിക്കു ശേഷം യർമൂക്ക് യുദ്ധത്തിലും അദ്ദേഹം പങ്കെടുത്തിട്ടുണ്ട്. നബി(സ)തിരുമേനി തന്റെ ജീവിതത്തിൽ സ്വർഗം സുവാർത്ത അറിയിച്ച സഹാബാക്കളിൽ അദ്ദേഹവും ഉൾപ്പെടുന്നു. ബദർ യുദ്ധത്തിൽ അബൂജഹലിന്റെ കഥ കഴിക്കുന്നതിൽ ഹദ്റത്ത് അബ്ദുല്ലാഹ് ബ്നു മസ്ഊദിനും പങ്കുണ്ട്. ഹിജ്റത്ത് ചെയ്ത് മദീനയിലെത്തിയപ്പോൾ അദ്ദേഹം മആദ് ബ്നു ജബലിന്റെ വീട്ടിലാണ് താമസിച്ചത്. നബി(സ) നിശ്ചയിച്ച ദീനീസഹോദരനായിരുന്നു മുആദ് ബ്ൻ ജബൽ. മദീനയിലെത്തിയ ആദ്യകാലങ്ങളിൽ സാമ്പത്തികമായി ഞെരുക്കത്തിലായിരുന്നു. നബി(സ) മുഹാജിറുകൾക്ക് മസ്ജിദ് നബ

വിയുടെ അടുത്ത് താമസത്തിനുള്ള ഏർപ്പാടു ചെയ്ത പ്പോൾ ബനൂസുഹ്റ ഗോത്രത്തിലെ വലിയവരാണെന്ന് വിചാരിച്ചിരുന്ന ചിലയാളുകൾ അബ്ദുല്ലാഹ് ബ്നു മസ് ഊദിനെ അദ്ദേഹം കൂലിപ്പണിക്കാരനും ദരിദ്രനുമായതിനാൽ കൂടെ നിർത്തുന്നതിൽ അലോസരം കാണിച്ചു. നബി(സ)തിരുമേനി ഇതറിഞ്ഞപ്പോൾ പറഞ്ഞു: ഈ വേർതിരിവ് ഉണ്ടാക്കുന്നതിനു വേണ്ടിയാണോ അല്ലാഹു എന്നെ നിയോഗിച്ചത്? ഓർക്കുക, ദുർബലന് അവന്റെ അവകാശം നല്കാത്ത സമൂഹത്തിനുമേൽ അല്ലാഹു തന്റെ അനുഗ്രഹം ചൊരിയുകയില്ല. അങ്ങനെ നബി(സ) അബ്ദുല്ലാഹ് ബ്നു മസ്ഊദിന് പള്ളിയുടെ സമീപം തന്നെ സ്ഥലം നല്കി. ഹദ്റത്ത് അബ്ദുല്ലാഹ് ബ്ൻ മസ്ഊദ്(റ) പറയുന്നു: സൂറ: അന്നിസാഅ് കേൾപ്പിക്കാൻ നബി(സ)തിരുമേനി കല്പിച്ചു. ഞാൻ പറഞ്ഞു: ഞാൻ എന്തു കേൾപ്പിക്കാനാണ്? ഇതവതരിച്ചതു തന്നെ അങ്ങേയ്ക്കാണല്ലോ. മറ്റൊരാൾ തിലാവത്ത് ചെയ്തു കേൾക്കുന്നത് തനിക്ക് ഇഷ്ടമാണെന്ന് നബി(സ) പറഞ്ഞു. അങ്ങനെ ഞാൻ ഓതാൻ തുടങ്ങി. ഫ കൈഫ ഇദാ ജിഅ്നാ മിൻ കുല്ലി ഉമ്മത്തിൻ ബിശഹീദിൻ **വ ജിഅ്നാ ബിക്ക അലാ ഹാഉലായി ശഹീദാ**(അതായത് ഓരോ സമുദായത്തിൽ നിന്നും ഒരു സാക്ഷിയെ നാം കൊണ്ടു വരുകയും നാം നിന്നെ ഇവരുടെ മേൽ സാക്ഷിയായി കൊണ്ടു വരുകയും ചെയ്യുമ്പോൾ എന്തായിരിക്കും അവസ്ഥ?) എന്ന ഭാഗത്തെത്തിയപ്പോൾ തിരുമേനിയുടെ നയനങ്ങളിൽ നിന്ന് അശ്രുകണങ്ങൾ പൊഴിയാൻ തുടങ്ങി.

തിരുമേനി നിർത്താൻ പറഞ്ഞു എന്നാണ് നിവേദനം. മറ്റൊരു രിവായത്തിൽ വന്നിരിക്കുന്നു നബി(സ) തിരുമേനി പറഞ്ഞു: വിശുദ്ധ ഖുർആൻ അവതരിച്ച ചൈതന്യത്തോടു കൂടി തന്നെ ഓതണമെന്ന് ആഗ്രഹിക്കുന്നവർ ഹദ്റത്ത് അബ്ദുല്ലാഹ് ബ്ൻ മസ്ഊദിൽ നിന്ന് ഖുർആൻ പഠിക്കട്ടെ. ഹദ്റത്ത് അബ്ദു റഹ്മാൻ ബ്നു യസീദ് നിവേദനം ചെയ്യുന്നു: ഞങ്ങൾ ഹദ്റത്ത് ഹുദൈഫയുടെ അടുക്കൽ ചെന്ന് പറഞ്ഞു: നബി(സ)തിരുമേനിയുടെ നിലപാടുമായി ഏറ്റവും അടുത്തിരിക്കുകയും ആ മാർഗത്തിൽ ചരിക്കുകയും നബി(സ) തിരുമേനി ചെയ്തിരുന്ന പ്രവൃത്തികളെ അവലംബിക്കുകയും ചെയ്യുന്ന ആളുടെ മേൽവിലാസം പറഞ്ഞു തന്നാലും. ഞങ്ങൾക്ക് അറിവു കരസ്ഥമാക്കുന്നതിനും ഹദീസുകൾ കേൾക്കുന്നതിനും വേണ്ടിയാണ്. അദ്ദേഹം പറഞ്ഞു: നബി(സ)തിരുമേനിയുടെ നിലപാടുമായി ഏറ്റവും കൂടുതൽ അടുത്തിരിക്കുന്നത് ഹദ്റത്ത് അബ്ദുല്ലാഹ് ബ്നു മസ്ഊദ്(റ) ആണ്. അബ്ദുല്ലാഹ് ബ്നു മസ്ഊദിന് ഇഷ്ടപ്പെട്ട സംഗതികളാണ് ഞാൻ എന്റെ ഉമ്മത്തിനു വേണ്ടി ആഗ്രഹിക്കുന്നതെന്ന് നബി(സ) പറയാറുണ്ടായിരുന്നു.

ഹദ്റത്ത് അൽഖമയിൽ നിന്ന് നിവേദനം: അബ്ദുല്ലാഹ് ബ്നു മസ്ഊദിന് രീതിയിലും സ്വഭാവമഹിമയിലും മിതത്വത്തിലും നബി(സ)തിരുമേനിയുമായി സാദൃശ്യമുണ്ട്. ഹദ്റത്ത് അബ്ദുല്ലാഹ് ബ്ൻ മസ്ഊദിന്റെ മകൻ ഉബൈദുല്ലാഹ് നിവേദനം ചെയ്യുന്നു: ജനങ്ങൾ ഉറങ്ങാൻ പോകുമ്പോൾ തഹജ്ജുദിനു വേണ്ടി എഴുന്നേൽക്കുക എന്നത് അദ്ദേഹത്തിന്റെ ശീലമായിരുന്നു. ഒരിക്കൽ അദ്ദേഹം നേരം പുലരുവോളം തേനീച്ചയെ പോലെ നമസ്കാരത്തിൽ മൂളുന്നത് ഞാൻ കേട്ടിട്ടുണ്ട്. ഹദ്റത്ത് അലി(റ) നിവേദനം ചെയ്യുന്നു: കൂടിയാലോചന യില്ലാതെ ഞാൻ ആരെയെങ്കിലും അമീർ ആയി നിശ്ചയിക്കുമായിരുന്നെങ്കിൽ അബ്ദുല്ലാഹ് ബ്നു മസ്ഊദിനെ ഞാൻ അമീർ ആക്കിയേനെ. മെലിഞ്ഞ് ഉയരം കുറഞ്ഞ ശരീരവും ഗോതമ്പ് നിറവും ഉള്ള ആളായിരുന്നു ഹദ്റത്ത് അബ്ദുല്ലാഹ് ബ്ൻ മസ്ഊദ്(റ). എങ്കിലും നല്ല വസ്ത്രം ധരിക്കുകയും സുഗന്ധം പൂശുകയും ചെയ്യുമായിരുന്നു. ഹദ്റത്ത് അലി(റ) നിവേദനം ചെയ്യുന്നു: ഒരിക്കൽ നബി(സ) ഹദ്റത്ത് അബ്ദുല്ലാഹ് ബ്നു മസ്ഊദിനോട് മരത്തിൽ കയറാൻ കല്പിച്ചു. അദ്ദേഹത്തിന്റെ മെലിഞ്ഞതും ദുർബലവുമായ തണ്ടൻ കാൽ കണ്ട സഹാബാക്കൾ കളിയാക്കാൻ തുടങ്ങി. ബലം കുറഞ്ഞ, മെലിഞ്ഞ കാലുകളായിരുന്നു അദ്ദേഹത്തിന്റേത്. അതു കൊണ്ട് സഹാബാക്കൾ തമാശ എന്നവണ്ണം ചിരിക്കാൻ തുടങ്ങി. നബി(സ)തിരുമേനി പറഞ്ഞു: ചിരിക്കുന്നതെന്തിനാണ്? ഖിയാമത്ത് നാളിലെ ത്രാസിൽ അദ്ദേഹത്തിന്റെ നന്മകൾ ഉഹ്ദ് പർവതത്തെക്കാൾ കനമേറിയതായിരിക്കും. ഹദ്റത്ത് ഉമർ അദ്ദേഹത്തിന്റെ അറിവിനെസ്സംബന്ധിച്ച് പറഞ്ഞു: ജ്ഞാനം നിറഞ്ഞു തുളുമ്പുന്ന ഭരണിയാണിദ്ദേഹം. അറിവിന്റെ കാര്യത്തിൽ ഹദ്റത്ത് അബ്ദുല്ലാഹ് ബ്നു മസ്ഊദിന്റെ സ്ഥാനമെന്തെന്ന് മറ്റൊരു സംഭവത്തിൽ നിന്ന് ഊഹിക്കാവുന്നതാണ്. ഹദ്റത്ത് മആദ് ബ്നു ജബൽ മരണാസന്നനായപ്പോൾ ചില ഉപദേശം നല്കാൻ അദ്ദേഹത്തോട് ആരോ അപേക്ഷിച്ചു. അദ്ദേഹം പറഞ്ഞു: അറിവിനും വിശ്വാസത്തിനും ഓരോ സ്ഥാനവുണ്ട്. അതു നേടാൻ ശ്രമിക്കുന്ന ആരും വിജയം വരിക്കുന്നതാണ്. അറിവും വിശ്വാസവും പഠിക്കാൻ യോഗ്യരായ നാല് വിശുദ്ധ ജ്ഞാനികളുടെ പേർ മആദ് ബ്നു ജബൽ പരാമർശിച്ചപ്പോൾ അതിൽ അബ്ദുല്ലാഹ് ബ്നു മസ്ഊദിന്റെ പേരും ഉണ്ടായിരുന്നു. അവസാനസമയത്ത് രോഗബാധിതനായപ്പോൾ ഹദ്റത്ത് ഉസ്മാൻ(റ) അദ്ദേഹത്തെ സന്ദർശിച്ചു. വല്ല പരാതിയുമുണ്ടോ എന്ന് അന്വേ ഷിച്ചു. അദ്ദേഹം പറഞ്ഞു: പരാതിയെക്കുറിച്ചാണ് ചോദിക്കു ന്നതെങ്കിൽ ഞാൻ ചെയ്ത പാപങ്ങളെക്കുറിച്ചുള്ള പരാതി യുണ്ട്. അത്രമാത്രം പാപങ്ങൾ ഞാൻ ചെയ്തിട്ടുണ്ട്. വല്ല ആവശ്യവും ഉണ്ടോ എന്ന് ഹദ്റത്ത് ഉസ്മാൻ(റ) ചോദിച്ചു. അദ്ദേഹം പറഞ്ഞു: പരിപാലകനായ അല്ലാഹുവിന്റെ കാരുണ്യം ആഗ്രഹിക്കുന്നു. ഹദ്റത്ത് ഉസ്മാൻ(റ)ചോദിച്ചു: താങ്കൾക്കു വേണ്ടി വല്ല വൈദ്യനെയും ഏർപ്പാടു ചെയ്യട്ടെ? അദ്ദേഹം പറഞ്ഞു: വൈദ്യൻ തന്നെയാണ് എന്നെ രോഗിയാക്കിയതും. അതായത്, അല്ലാഹുവിന്റെ തൃപ്തിയിൽ സംപ്രീതനാണ്. ഹദ്റത്ത് ഉസ്മാൻ വീണ്ടും ചോദിച്ചു: താങ്കൾ വല്ല ധനസഹായവും നിശ്ചയിക്കട്ടെ? അദ്ദേഹം പറഞ്ഞു: എനിക്കതിന്റെ ആവശ്യമില്ല. ഹദ്റത്ത് ഉസ്മാൻ(റ) പറഞ്ഞു: താങ്കളുടെ പെൺകുട്ടികൾക്കെങ്കിലും ഉപകാരപ്പെടും. അദ്ദേഹം പറഞ്ഞു: എന്റെ പെൺമക്കൾ ആശ്രിതരായിപ്പോകുമെന്ന ഭയമാണോ താങ്കളെക്കൊണ്ട് ഇങ്ങനെ പറയിച്ചത്? എല്ലാ രാത്രിയും സുറ: വാഖിഅ ഓതാൻ ഞനവരോട് പറഞ്ഞേല് പിച്ചിട്ടുണ്ട്. ദിവസവും രാത്രി സൂറ: വാഖിഅ പാരായണം ചെയ്യുന്നവനെ പട്ടിണി

ബാധിക്കില്ല എന്ന് നബി(സ) പറയുന്നത് ഞാൻ കേട്ടിട്ടുണ്ട്.

ആ ജ്വലിക്കുന്ന താരങ്ങളുടെ തവക്കുലിന്റെയും ഉള്ളതിൽ തൃപ്തിപ്പെടുന്ന സ്വഭാവത്തിന്റെയും അവസ്ഥ ഇതായിരുന്നു. സൽമ ബ്ൻ തവാം പറയുന്നു: ഒരാൾ ഹദ്റത്ത് അബ്ദുല്ലാഹ് ബ്നു മസ്ഊദു(റ)മായി കൂടിക്കാഴ്ച നടത്തി താൻ കണ്ട സ്വപ്നത്തെക്കുറിച്ചു ഇപ്രകാരം പറഞ്ഞു: ഞാൻ രാത്രി താങ്കളെ സ്വപ്നത്തിൽ കണ്ടു. നബി(സ) ഒരുയർന്ന മിമ്പറിൽ ഉപവിഷ്ടനാണ്. ആ മിമ്പറിനു താഴെ ആയിരുന്നു താങ്കൾ. നബി(സ) പറയുന്നു: അല്ലയോ ഇബ്നു മസ്ഊദ് എന്റെടുക്കൽ വരിക. എനിക്കു ശേഷം നീ തീരെ ഇഷ്ടം കാണിക്കാതെയായിരിക്കുന്നു. അബ്ദുല്ലാഹ് ബ്നു മസ്ഊദ് ചോദിച്ചു: അല്ലാഹുവാണെ, നീ കണ്ട സ്വപ്നമാണോ ഇത്? അയാൾ അതേ എന്നു പറഞ്ഞു. അപ്പോൾ അദ്ദേഹം ചോദിച്ചു: നിങ്ങൾ മദീനയിൽ നിന്ന് എന്റെ ജനാസ നമസ്കരിക്കാൻ വേണ്ടിയാണോ വന്നിരിക്കുന്നത്? അതിനു ശേഷം താമസിയാതെ അദ്ദേഹം വഫാത്തായി. ഹിജ്റ 32ന് മദീനയിൽ വെച്ചാണ് അദ്ദേഹം വഫാത്തായത്. ഹദ്റത്ത് ഉസ്മാൻ (റ) ആണ് അദ്ദേഹത്തിന്റെ ജനാസ നമസ്കരിച്ചത്. ജന്നത്തുൽ ബഖീഇൽ ആയിരുന്നു കബറടക്കം. മരിക്കുമ്പോൾ 60 വയസ്സിൽ അധികം പ്രായമുണ്ടായിരുന്നു. ഹദ്റത്ത് അബ്ദുല്ലാഹ്ബ്നു മസ്ഊദ് വഫാത്തായപ്പോൾ ഹദ്റത്ത് അബൂമൂസാ അബൂമസ്ഊദിനോടു പറഞ്ഞു: ഹദ്റത്ത് അബ്ദുല്ലാഹ് ബ്നു മസ്ഊദിനെപ്പോലെ ഉൽകൃഷ്ട ഗുണങ്ങളുള്ള ആരെയെങ്കിലും അദ്ദേഹം തനിക്കു പിറകേ ഇട്ടേച്ചു പോയിട്ടുണ്ടോ? അബൂ മസ്ഊദ് പറഞ്ഞു: നബി(സ) തിരുമേനിയുടെ അടുക്കൽ ഞങ്ങൾക്ക് പോകാൻ അനുവാദം ഇല്ലാത്ത സമയത്തും ഹദ്റത്ത് അബ്ദുല്ലാഹ് ബ്നു മസ്ഊദിന് പ്രവേശിക്കാനുള്ള അനുവാദം കിട്ടിയിരുന്നു. ഞങ്ങൾ തിരുമേനിയുടെ സദസ്സിൽ നിന്ന് പോകുമ്പോൾ ഹദ്റത്ത് അബ്ദുല്ലാഹ് ബ്നു മസ്ഊദിന് തിരുമേനിയെ സേവിക്കാൻ തൗഫീഖു ലഭിക്കുമായിരുന്നു. അങ്ങനെ തിരുമേനിയുടെ സഹവാസം കൊണ്ട് അദ്ദേഹം അനുഗൃഹീതനായി. അപ്പോൾ ആ ഗുണങ്ങളോടു കൂടിയ മറ്റാരെങ്കിലും ഉണ്ടാവുക സാധ്യമാണോ?

ഹുസൂർ തിരുമനസ്സ് പറഞ്ഞു: ഹദ്റത്ത് അബ്ദുല്ലാഹ് ബ്നു മസ്ഊദിനെസ്സംബന്ധിച്ച് മറ്റു ചില സംഭവങ്ങളും നിവേദനങ്ങളുമുണ്ട്. അതു ഞാൻ പിന്നീട് വിവരിക്കുന്നതാണ്. ഇൻശാ അല്ലാഹ്. അല്ലാഹു നമുക്ക് ഈ ഉജ്ജ്വല താരങ്ങളുടെ വഴിയേ പോകാനുള്ള തൗഫീഖ് നല്കുമാറാകട്ടെ.

اَلْحَمْدُ لِلّٰهِ نَحمَدُهٗ وَ نَسْتَعِيْنُهٗ وَ نَسْتَغْفِرُهٗ وَنُوْمِنُ بِهٖ وَ نَتَوَكَّلُ
عَلَيْهِ وَنَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَيِّئَاتِ اَعْمَالِنَا مَنْ
يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهٗ وَمَنْ يُضْلِلْهُ فَلَا هَادِىَ لَهٗ - وَنَشْهَدُ اَنْ لَّا
اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ- عِبَادَاللّٰهِ رَحِمَكُمُ
اللّٰهُ اِنَّ اللّٰهَ يَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَاءِذِى الْقُرْبٰى وَ يَنْهٰى
عَنِ الْفَحْشَاءِ وَ الْمُنْكَرِ وَ الْبَغْىِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ
اُذْكُرُوْا اللّٰهَ يَذْكُرْكُمْ وَ ادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ-

Friday Sermon delivered by **Hadrath Khaleefathul Masih Al-khamis** (atba)
at Baithul Futuh,London – on 28.09.18
Malayalam Translation : **Moulvi Arif Mohammad,** For Malayalam Desk,Qadian.
Published By Nazarath Nashr-O-Isha'ath, Sadr Anjuman Ahmadiyya - Qadian, 143516